## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1397 — 12/07/2011 ൽ മറുപടിക്ക്

### എ.പി.എൽ.വിഭാഗത്തിനുള്ള റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) എ.പി.എൽ.വിഭാഗത്തിലുള്ള കാർഡുടമകൾക്ക് എത്ര കിലോ അരിയും ഗോതമ്പുമാണ് 2011 മെയ്,ജൂൺ മാസങ്ങളിൽ വിതരണം നടത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ;

(എ) 2011 മെയ്,ജൂൺ മാസങ്ങളിൽ എ.പി.എൽ കാർഡുടമകൾക്ക് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് പരമാവധി 10 കിലോ വരെ അരിയും 2 കിലോ വരെ ഗോതമ്പും വിതരണം ചെയ്യുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. ഇതിനായി അനുവദിച്ച അരിയുടെയും ഗോതമ്പിന്റെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| | അരി | | ഗോതമ്പ് | |
|---|---|---|---|---|
| | 2/-രൂപ നിരക്കിൽ വിൽക്കുന്നതിന് | 8.90 രൂപ നിരക്കിൽ വിൽക്കുന്നതിന് | 2/-രൂപ നിരക്കിൽ വിൽക്കുന്നതിന് | 6.70 രൂപ നിരക്കിൽ വിൽക്കുന്നതിന് |
| മെയ്-2011 | 25063M.T | 10993 M.T | 4016 M.T | 1761 M.T |
| ജൂൺ-2011 | 30368M.T | 5668 M.T | 7603 M.T | 1424 M.T |

(ബി) പ്രസ്തുത പദ്ധതിയിൽ ചേരാൻ അവസരം ലഭിക്കാത്തവർക്ക് അതിനുള്ള അവസരം നൽകുമോ ;

(ബി) രണ്ട് രൂപ പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ നല്കുന്നതിനുള്ള അവസാന തീയതിയായി പ്രഖ്യാപിച്ചിരുന്നത് 25/5/2011 ആണ്.

| | |
|---|---|
| (സി) മുൻ സർക്കാർ കൊണ്ടു വന്ന പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും കാതലായ മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (സി) ഇല്ല. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മുഴുവൻ ബി.പി.എൽ കുടുംബങ്ങൾക്കും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ 25 കിലോ അരി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2011 ഓണക്കാലത്ത് പദ്ധതി ആരംഭിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.